ഉത്തരം

ചാലിയാർ പുഴയിൽ മൂന്ന് ചെറുകിട ജലസേചന പദ്ധതികൾ നിർമ്മിക്കാമെന്ന് കണ്ടെത്തി അവയുടെ റിപ്പോർട്ടുകൾ തയ്യാറാക്കിവരികയാണ്. അവ താഴെപ്പറയുന്നവയാണ്.

1. ചുങ്കത്തറ പഞ്ചായത്തിൽ കൈപ്പിനികടവിൽ ഒരു റഗുലേറ്റർ-കം-ബ്രിഡ്ജ്.
2. പോത്തുകൽ പഞ്ചായത്തിൽ തലപ്പാലിയിൽ ഒരു ഡൈവേർഷൻ വിയർ.
3. പനംകയം കടവിൽ ഒരു റഗുലേറ്റർ-കം-ബ്രിഡ്ജ്.

കെ. ഐ. പി. (എൽ.ബി.) യുടെ ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം

73 (965) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ മണ്ഡലത്തിലെ കെ. ഐ. പി.യുടെ പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെയും ഭൂതക്കുളം ഡിസ്ട്രിബ്യൂട്ടറിയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ബി) കെ. ഐ. പി. (എൽ. ബി.) യുടെ നിർദ്ദിഷ്ട ഏകലിഫ്റ്റ് ഇറിഗേഷൻ സംവിധാനം ചിറക്കരയിൽ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ലിഫ്റ്റ് ഇറിഗേഷന്റെ പണി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് പറയാമോ ?

ഉത്തരം

(എ) കെ. ഐ. പി. യുടെ പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ബാക്കി പണി പൂർത്തീകരിക്കാനായി ടെൻഡർ ചെയ്തിട്ടുണ്ട്. ഭൂതക്കുളം ഡിസ്ട്രിബ്യൂട്ടറിയുടെ കരാറുകാരൻ ചില തർക്കങ്ങൾ ഉന്നയിച്ചിരുന്നതു കാരണം പണി തടസ്സപ്പെട്ടിരുന്നു. ഈ രണ്ടു പണികളും 31-3-2004-ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പണി നടന്നുവരികയാണ്. ചില ഇനം "കാസ്റ്റ് അയൺ പൈപ്പ്" കിട്ടുന്നതിനുള്ള കാലതാമസമാണ് പണി താൽക്കാലികമായി തടസ്സപ്പെടാൻ കാരണം.

(സി) 31-12-2003-ൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കടുവാക്കുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

74 (966) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 20 കൊല്ലം മുമ്പ് ആരംഭിച്ച കടുവാക്കുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇറിഗേഷൻ വകുപ്പു പണം അടയ്ക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത കാരണത്താൽ ടി പദ്ധതി കമ്മീഷൻ ചെയ്യാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനും ഇലക്ട്രിസിറ്റി ബോർഡിൽ പണം അടയ്ക്കുവാനും നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) കടുവാക്കുഴി ലിഫ്റ്റ് ഇറിഗേഷന്റെ രണ്ടാംഘട്ടം പണി പൂർത്തിയായി.

(ബി) ഒ. വൈ. ഇ. ഇ. ചാർജായി 7,56,000 രൂപ ഇലക്ട്രിസിറ്റി ബോർഡിന് അടയ്ക്കേണ്ടതുണ്ട്. കണക്ഷൻ ലഭിക്കാത്തതിനാൽ കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല.

(സി) നടപടി സ്വീകരിച്ചു വരുന്നു.

കുഴൽ കിണർ നിർമ്മാണം സംബന്ധിച്ചുള്ള ചട്ടങ്ങൾ

75 (967) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പൺ ബോർവെൽ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ചട്ടങ്ങൾ നിലവിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പു ലഭ്യമാക്കാമോ ;

(സി) പ്രസ്തുത ചട്ടങ്ങൾ നിലവിലില്ലെങ്കിൽ, അത്തരത്തിൽ ഒരു ചട്ടം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) കുഴൽകിണർ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ അന്വേഷിക്കുന്നതിനും തീർപ്പു കൽപ്പിക്കുന്നതിനും ആർക്കാണ് ചുമതല നൽകിയിട്ടുള്ളത് ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂജലവകുപ്പിന് കുഴൽകിണർ നിർമ്മിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; എത്ര കുഴൽ കിണർ നാളിതുവരെ നിർമ്മിച്ചു നൽകി ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള ശുപാർശ ഗവൺമെന്റിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ലാത്തതുമൂലം ചുമതല ആർക്കെന്ന കാര്യം ഇപ്പോൾ തീർച്ചയാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly